(ബി) ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

വെമ്പല്ലൂർ, മാടവന, എടവിലങ്ങ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

158 [2651] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ പടിഞ്ഞാറെ വെമ്പല്ലൂർ, മാടവന, എടവിലങ്ങ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വർഷങ്ങളായി ഐ.പി. വിഭാഗത്തിന് വേണ്ടിയുള്ള കെട്ടിടങ്ങൾ ഉപയോഗമില്ലാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങൾ, ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഇവയിൽ ഇൻപേഷ്യന്റ്സ് വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പടിഞ്ഞാറെ വെമ്പല്ലൂർ, മാടവന, എടവിലങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്നത്തേക്ക് ഐ.പി. വിഭാഗം പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) മാടവന പി.എച്ച്.സി.-യിൽ ഐ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എടവിലങ്ങ് പി.എച്ച്.സി.-യിൽ എം.പി. ഫണ്ട് ഉപയോഗിച്ച് 10 കിടക്കകൾക്ക് സൗകര്യമുള്ള വാർഡ് പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിലേക്ക് വെള്ളവും വൈദ്യുതിയും ലഭിക്കുന്നതിന് സൗകര്യങ്ങൾ പൂർത്തിയായിട്ടില്ല. ഭൗതിക സൗകര്യങ്ങൾ ലഭ്യമാവുകയും അതോടൊപ്പം അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്താൽ മാത്രമേ ഐ.പി. വിഭാഗം പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിൽസ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പടിഞ്ഞാറെ വെമ്പല്ലൂർ പി.എച്ച്.സി.-യിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ച് ഐ.പി. ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആത്മഹത്യാ നിരക്ക്

159 [2652] ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആത്മഹത്യാനിരക്ക് ദേശീയ ശരാശരിയേക്കാൾ എത്ര കൂടുതലാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആത്മഹത്യാ നിരക്ക് കുറച്ചുകൊണ്ട് വരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ആത്മഹത്യാനിരക്ക് ദേശീയ ശരാശരിയേക്കാൾ ഏകദേശം മൂന്നിരട്ടി കൂടുതലാണ്. (ദേശീയ ആത്മഹത്യാനിരക്ക് 11.2/1,00,000 ജനം, കേരളത്തിലെ ആത്മഹത്യാ നിരക്ക് 29.7/1,00,000 ജനം)

(ബി) (1) ആത്മഹത്യകളുടെ മുഖ്യ കാരണം മനോരോഗങ്ങളാണെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലേയും 14 ജില്ലാ ആശുപത്രികളിലേയും മനോരോഗ ചികിൽസാ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 15 താലൂക്കാശുപത്രികളിൽകൂടി മനോരോഗ ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(2) കേരള ഇന്റഗ്രേറ്റഡ് സ്കീം ഫോർ ഇന്റർവെൻഷൻ ഇൻ സൂയിസൈഡ് (KRISIS) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന സർക്കാർ 2003-2004-ൽ നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി ആത്മഹത്യാ പ്രവണതയുള്ളവരെ കണ്ടെത്താനും ആരംഭദശയിൽ തന്നെ ആവശ്യമായ ചികിൽസയും നിർദ്ദേശങ്ങളും നൽകുവാനും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(3) തിരുവനന്തപുരത്തും തൃശ്ശൂരും പ്രവർത്തിക്കുന്ന ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആത്മഹത്യാ പ്രതിരോധത്തെപ്പറ്റിയും മനോരോഗ ചികിത്സയെപ്പറ്റിയും ബോധവൽക്കരണ പരിപാടി നടത്തിവരുന്നു.

(4) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സൈക്യാട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആത്മഹത്യാ പ്രതിരോധ ക്ലിനിക്കുകൾ നടത്തിവരുന്നു.

(5) കൗൺസിലിംഗിലൂടെയും അടിയന്തിര ഘട്ടങ്ങളിൽ ടെലിഫോണിലൂടെ സഹായം നൽകിയും ഈ രംഗത്ത് പ്രവർത്തിക്കുവാൻ സന്നദ്ധ സംഘടനകളെ പ്രേരിപ്പിക്കുന്നുണ്ട്.

(6) വയനാട് ജില്ലയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യ കണക്കിലെടുത്ത് ആത്മഹത്യാ പ്രതിരോധ ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനുമായി വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽനിന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1208/04/ആകുവ. തീയതി 22-4-2004 പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പി.ജി. കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കാൻ നടപടി

160 [2653] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ജി. കോഴ്സിന് അംഗീകാരം ലഭിക്കുവാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly